**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **15-10-2024 - ൽ മറുപടിയ്ക്ക്**

**റോപ്പ്‌വേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പമ്പ ഹിൽടോപ്പിൽ നിന്നും ശബരിമല വരെ 2.7 കിലോമീറ്റർ റോപ്പ്‌വേ നിർമ്മാണം ഇക്കൊല്ലത്തെ മണ്ഡലകാലത്തിന് മുമ്പായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ശബരിമല റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s Eighteenth Step Damodar Cable Car Pvt Ltd. എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ കരാർ നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല റോപ് വേ പദ്ധതിക്കായി ജോയിന്റ് സർവേ പൂർത്തീകരിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ടും രേഖാ ചിത്രവും പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിന് അപേക്ഷിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്. റോപ് വേ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന വനഭൂമിയ്ക്ക് പകരം ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ വനം വകുപ്പിന്റെ പരിശോധനയിലാണ്. പരിഹാരവനവല്ക്കരണത്തിനുള്ള ഭൂമി സംബന്ധിച്ച സർക്കാരുത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ശബരിമല റോപ് വേ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള പുതിയ സർവ്വേ സ്കെച്ച് അനുസരിച്ച് ആവശ്യമായ വനഭൂമി divert ചെയ്തു ലഭിക്കുന്നതിനായി PARIVESH Portal ൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | റോപ്പ്‌വേ നിർമ്മിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ശബരിമല റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s Eighteenth Step Damodar Cable Car Pvt Ltd. എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ കരാർ നൽകിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല റോപ് വേ പദ്ധതിക്കായി ജോയിന്റ് സർവേ പൂർത്തീകരിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ടും രേഖാ ചിത്രവും പെരിയാർ |

| | | | |
|---|---|---|---|
| | | | ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിന് അപേക്ഷിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്. റോപ് വേ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന വനഭൂമിയ്ക്ക് പകരം ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ വനം വകുപ്പിന്റെ പരിശോധനയിലാണ്. പരിഹാരവനവല്കരണത്തിനുള്ള ഭൂമി സംബന്ധിച്ച സർക്കാരുത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ശബരിമല റോപ് വേ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള പുതിയ സർവ്വേ സ്കെച്ച് അനുസരിച്ച് ആവശ്യമായ വനഭൂമി divert ചെയ്തു ലഭിക്കുന്നതിനായി PARIVESH Portal ൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | റോപ്‌വേയുടെ നിർമ്മാണം പൂർത്തിയായാൽ ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് മുൻഗണന കൊടുത്ത് കൊണ്ടുള്ള പ്രവർത്തനത്തിന് പ്രധാന്യം നൽകുമോ; | (സി) | പ്രധാനമായും ചരക്കു നീക്കത്തിനു വേണ്ടിയാണ് റോപ്പ് വേ സംവിധാനം ഏർപ്പെടുത്തുന്നത്. ആത്യാവശ്യ ഘട്ടങ്ങളിൽ ശാരീരിക ബുദ്ധിമുട്ടുള്ളവരെ താഴെ എത്തിക്കുന്നതിന് EMERGENCY EVACUATION AMBULANCE സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. |
| (ഡി) | നിലവിലെ ചരക്ക് നീക്കത്തിന് റോപ്‌വേയുടെ നിർമ്മാണത്തോടെ ഗുണകരമായ മാറ്റം ഉണ്ടാകുമോ; ഉണ്ടെങ്കിൽ എങ്ങനെയായിരിക്കുമെന്ന് വിശദമാക്കാമോ; | (ഡി) | റോപ്പ് വേ സ്ഥാപിക്കുന്നതോടെ നിലവിലുള്ള ചരക്ക് നീക്കത്തിന് ഗുണകരമായ മാറ്റം ഉണ്ടാകും. ഇപ്പോൾ ട്രാക്ടർ സംവിധാനമാണ് ഉപയോഗിച്ചു വരുന്നത്. റോപ്പ് വേ വരുന്നതോടെ ചരക്കുനീക്കം കൂടുതൽ കാര്യക്ഷമമാകുകയും ഒപ്പം അപകടങ്ങൾ ഒഴിവാക്കുവാനും സാധിക്കും. |
| (ഇ) | ഇതിന് വേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | റൈറ്റ്സ് (RITES) എന്ന സ്ഥാപനം തയ്യാറാക്കിയ 'TECHNO FEASIBILITY REPORT" ന്റെ അടിസ്ഥാനത്തിൽ താൽപ്പര്യ പത്രം ക്ഷണിച്ച്, അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത M/s Eighteenth Step Damodar Cable Car Pvt Ltd. എന്ന കമ്പനി ഇതു സംബന്ധിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുകയാണ്. ആയത് ഉടൻ തന്നെ സമർപ്പിക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ